# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com

## STD X

പാഠം 2

## സുവിശേഷപ്രഘോഷണം സഭയുടെ അടിസ്ഥാനദൗത്യം

ഭാഗം 1

1. ശ്ലീഹന്മാർ എന്നു മുതലാണ് പരസ്യമായ സുവിശേഷപ്രഘോഷണം ആരംഭിച്ചത്?
പെന്തക്കുസ്താദിനം മുതൽ

2. സഭയുടെ വ്യക്തിത്വം പ്രകടമാക്കുന്നത് ഏത് പ്രവൃത്തിയിലൂടെയാണ്?
സുവിശേഷപ്രഘോഷണത്തിലൂടെ

3. സുവിശേഷം പ്രഘോഷിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം എന്ന ഉദ്ഘോഷിച്ച ശ്ലീഹാ?
വി. പൗലോസ്

4. എന്ത് അനുഭവം നൽകാൻ വേണ്ടിയാണ് ഈശോ സുവിശേഷം അറിയിച്ചും, പാപങ്ങൾ മോചിപ്പിച്ചും രോഗം സുഖപ്പെടുത്തിയും സഞ്ചരിച്ചത്?
ദൈവാനുഭവം

5. എങ്ങനെയുള്ളവരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക എന്നാണ് ഈശോ പറഞ്ഞത്?
പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവർ

6. .................. സഭയുടെ കർത്തവ്യവും, വിളിയും ദൗത്യവുമാണ്.
സുവിശേഷപ്രഘോഷണം

7. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥയാണ്.....................
ദൈവരാജ്യം

8. ഏതൊക്കെ വിധത്തിലാണ് സഭ സുവിശേഷപ്രഘോഷണ ദൗത്യം നിറവേറ്റുന്നത്?
സഭയുടെ ചൈതന്യവും ശക്തിയും നവീനതയും സംരക്ഷിക്കുന്നതിന് സഭയ്ക്ക് അകത്തും സഭാഗംങ്ങൾ അല്ലാത്തവരെ സുവിശേഷവത്കരിച്ചും.

9. ഏറ്റവും ലളിതവും ഫലപ്രദവുമായ സുവിശേഷവത്കരണം എങ്ങനെയുള്ളതാണ്?
ഒരാളുടെ വ്യക്തപരമായ വിശ്വാസനുഭവം മറ്റൊരാൾക്ക് നേരിൽ പകർന്നു കൊടുക്കുക എന്നതാണ്.

10. എന്തായിരുന്നു ഈശോയുടെ ദൗത്യം?
ദൈവരാജ്യത്തിന്റെ പ്രഘോഷണവും സ്ഥാപനവുമായിരുന്നു ഈശോയുടെ ദൗത്യം.

11. ഈശോ പത്രോസിനെ സഭയുടെ നായകനായി നിയമിച്ചപ്പോൾ നിർദ്ദേശിച്ചത് എന്ത്?
എന്റെ ആടുകളെ മേയ്ക്കുക.

12. എങ്ങനെയുള്ള സുവിശേഷപ്രഘോഷണമാണ് ഏറ്റവും ശക്തവും ഫലപ്രദവുമായത്?
സ്വന്തം ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുന്നതും ശത്രുക്കളെ സ്നേഹിക്കുന്നതും.